# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 06.10.2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ ഹിമാചൽ പ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കം. ബിലാസ്പൂർ എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും.

   **President Droupadi Murmu to begin three-day visit to Himachal Pradesh today; President will attend AIIMS Bilaspur's first convocation.**

2. വിവിധ മേഖലകളിൽ സഹകരണം ശക്തമാക്കാൻ ലക്ഷ്യമിട്ട് ഇന്ത്യയും സ്വിറ്റ്സർലൻഡും അഞ്ച് കരാറുകളിൽ ഒപ്പുവെച്ചു. പ്രതിരോധ-ആണവോർജ്ജ മേഖലയിലെ സഹകരണം ശക്തമാക്കാൻ ധാരണ.

   **India and Switzerland sign five pacts to boost cooperation; agree to strengthen defense and nuclear energy ties.**

3. ഒഡീഷയിലെ എച്ച്എഎൽ നിർമ്മിച്ച അത്യാധുനിക ഏറോ-എഞ്ചിൻ ഇന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് രാജ്യത്തിന് സമർപ്പിക്കും.

   **Defence Minister Rajnath Singh will mark the delivery of the 2000th aero-engine by Koraput Division of Hindustan Aeronautics Limited in Odisha today.**

4. അമേരിക്ക, റഷ്യ, ചൈന തുടങ്ങിയ പ്രധാന രാജ്യങ്ങളുമായി ഇടപഴകാൻ ഇന്ത്യയുടെ ബഹുതല സഖ്യ നയം സഹായിക്കുന്നതായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

**External Affairs Minister Dr S Jaishankar says, India's multi-alignment approach enables engagement with major global powers including US, Russia and China.**

5. തമിഴ്നാട്, പുതുച്ചേരി, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കും അസമിലെ ഒരു ലോക്സഭാ മണ്ഡലത്തിലേക്കും ഉപതെരഞ്ഞെടുപ്പ് ആരംഭിച്ചു.

   **Bye-elections underway today for five assembly seats across Tamil Nadu, Puducherry, and West Bengal, and one Lok Sabha seat in Assam.**

6. കേരളത്തിൽ വിവിധ ജില്ലകളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

   **Isolated heavy rainfall predicted across Kerala today; Yellow alert issued for seven districts.**

## PREZ - HP

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ ഹിമാചൽ പ്രദേശ് സന്ദർശനം ഇന്ന് ആരംഭിക്കും. ബിലാസ്പൂരിലെ എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. നാളെ റോഹ്താംഗിലുള്ള അടൽ ടണൽ രാഷ്ട്രപതി സന്ദർശിക്കും.

******************************

## VICE PREZ - SANSKRIT UNIVERSITY

ന്യൂ ഡൽഹിയിലെ ലാൽ ബഹാദൂർ ശാസ്ത്രി നാഷണൽ സംസ്കൃത സർവകലാശാലയുടെ രണ്ടാമത് ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ പങ്കെടുക്കും. മികച്ച

അക്കാദമിക് പ്രകടനം കാഴ്ചവെച്ച മൂന്ന് വിദ്യാർത്ഥികൾക്കുള്ള ശങ്കർ ദയാൽ ശർമ്മ പുരസ്കാരങ്ങൾ ഉപരാഷ്ട്രപതി വിതരണം ചെയ്യും. 240 ഗവേഷണ വിദ്യാർത്ഥികൾക്ക് പിഎച്ച്ഡി ബിരുദവും സമ്മാനിക്കും. 2024-25-26 അക്കാദമിക് വർഷങ്ങളിൽ മികച്ച വിജയം കൈവരിച്ച 60 വിദ്യാർത്ഥികൾക്ക് സ്വർണ്ണ മെഡലുകളും ഉപരാഷ്ട്രപതി സമ്മാനിക്കും.

******************************

## PM SWISS

പ്രധാനമന്ത്രി നരേന്ദ്ര മോദിയും സ്വിസ് പ്രസിഡന്റ് ഗൈ പാർമെലിനും തമ്മിൽ ന്യൂഡൽഹിയിൽ നടത്തിയ ഉഭയകക്ഷി ചർച്ചകൾക്ക് പിന്നാലെ ഇന്ത്യയും സ്വിറ്റ്സർലൻഡും അഞ്ച് സുപ്രധാന കരാറുകളിൽ ഒപ്പുവെച്ചു. കുടിയേറ്റം, തൊഴിൽ പങ്കാളിത്തം, ഗതാഗത സാങ്കേതികവിദ്യകളിലെ സഹകരണം എന്നിവ ഉൾപ്പെടുന്നതാണ് പുതിയ കരാറുകൾ. പ്രതിരോധ രംഗത്തും ആണവോർജ്ജ മേഖലയിലും സഹകരണം ശക്തമാക്കാൻ ഇരുരാജ്യങ്ങളും തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി അറിയിച്ചു. ഇന്ത്യൻ കയറ്റുമതി ഉത്പന്നങ്ങളുടെ സ്വിറ്റ്സർലന്റിലെ വിപണി സാധ്യത വർദ്ധിപ്പിക്കാൻ ധാരണയായതായും പ്രധാനമന്ത്രി പറഞ്ഞു.

******************************

## RAJNATH-HAL KORAPUT

ഒഡീഷയിലെ കോരാപുട്ടിലുള്ള ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് ഡിവിഷൻ നിർമ്മിച്ച ഏറോ-എഞ്ചിന്റെ പുതിയ പതിപ്പ് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് രാജ്യത്തിന് സമർപ്പിക്കും. വിശാഖപട്ടണത്തെ ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ് ലിമിറ്റഡിൽ ആദ്യത്തെ ഫ്ലീറ്റ് സപ്പോർട്ട് ഷിപ്പും അദ്ദേഹം ഇന്ന് നീറ്റിലിറക്കും. അഞ്ചാമത് ഫ്ലീറ്റ് സപ്പോർട്ട് ഷിപ്പിന്റെ കീലിന്റെ നിർമ്മാണോദ്ഘാടനവും ശ്രീ സിങ് നിർവഹിക്കും. നവീകരിച്ച

സ്ലിപ്‌വേ-4, 300 ടൺ ശേഷിയുള്ള ഗോലിയാത്ത് ക്രെയിൻ എന്നിവയും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും.

*****************************

## S JAISHANKAR (INTRO)

അമേരിക്ക, റഷ്യ, ചൈന തുടങ്ങിയ ലോകത്തിലെ പ്രധാന ശക്തികളുമായി ഇടപഴകാൻ ഇന്ത്യയുടെ ബഹുതല സഖ്യ നയം സഹായിക്കുന്നതായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ന്യൂഡൽഹിയിൽ നടന്ന അഞ്ചാമത് കൗടില്യ ഇക്കണോമിക് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുൻകാലങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഘടനയും സ്വഭാവവുമുള്ള ഒരു ബഹുധ്രുവ ലോകക്രമത്തിലേക്കാണ് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് വിദേശ കാര്യ മന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്.....)

*****************************

## SARBANANDA SONOWAL

അസമിലെ ദിബ്രുഗഡിൽ നിന്ന് ബംഗ്ലാദേശിലേക്ക് മെഥനോളുമായി പോകുന്ന അന്താരാഷ്ട്ര ചരക്ക് കപ്പൽ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ ഫ്ലാഗ് ഓഫ് ചെയ്തു. ഷിപ്പിംഗ് മേഖലയ്ക്കായി 200 കോടി രൂപ നിക്ഷേപത്തിൽ ബോഗിബീൽ ടെർമിനലിൽ പുതിയൊരു നൈപുണ്യ വികസന കേന്ദ്രം സ്ഥാപിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. സ്വാതന്ത്ര്യാനന്തരം ആദ്യമായി നടത്തിയ ഈ ചരക്കു നീക്കം വടക്കുകിഴക്കൻ മേഖലയ്ക്ക് നേരിട്ടുള്ളതും പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതുമായ ഒരു വ്യാപാര ഇടനാഴി പ്രദാനം ചെയ്യുമെന്നും ശ്രീ സോനോവാൾ അഭിപ്രായപ്പെട്ടു.

*****************************

## BYPOLLS

തമിഴ്നാട്, പുതുച്ചേരി, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കും അസമിലെ ഒരു ലോക്സഭാ മണ്ഡലത്തിലേക്കുമുള്ള ഉപതെരഞ്ഞെടുപ്പ് ആരംഭിച്ചു. തമിഴ്നാട്ടിലെ മധുരാന്തകം, ധരാപുരം, പുതുച്ചേരിയിലെ തട്ടഞ്ചാവടി, പശ്ചിമ ബംഗാളിലെ റെജിനഗർ, നന്ദിഗ്രാം എന്നിവയാണ് വോട്ടെടുപ്പ് നടക്കുന്ന നിയമസഭാ മണ്ഡലങ്ങൾ. അസമിലെ നാഗോൺ ലോക്സഭാ മണ്ഡലത്തിലും ഇന്ന് വോട്ടെടുപ്പ് നടക്കുന്നുണ്ട്. വെള്ളിയാഴ്ചയാണ് വോട്ടെണ്ണൽ.

*****************************

## PM SURYA GHAR - KANNUR (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. പി.എം. സുര്യഘർ മുഫ്ത് ബിജിലി യോജനയെക്കുറിച്ചാണ് ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്. കേന്ദ്ര സർക്കാർ ആരംഭിച്ച പി.എം. സുര്യഘർ മുഫ്ത് ബിജിലി യോജന നഗര ഗ്രാമ വ്യതാസമില്ലാതെ സാധാരണക്കാർക്കുൾപ്പെടെ ഏറെ സഹായകമാവുകയാണ്. സൗജന്യമായി വൈദ്യുതി ലഭ്യമാക്കുന്നതിനായി 2024 ഫെബ്രുവരിയിൽ നടപ്പാക്കിയ പദ്ധതിയാണിത്.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

*****************************

## VIZHINJAM PORT

2047-ഓടെ വികസിത രാഷ്ട്രമാകാൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും ശ്രദ്ധേയമാകുന്നു. 2024 ഡിസംബറിൽ തുറമുഖത്ത് വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2025 മെയ് മാസത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി തുറമുഖം രാജ്യത്തിന് സമർപ്പിച്ചു. പ്രവർത്തനം ആരംഭിച്ച് ആദ്യ വർഷം തന്നെ വിഴിഞ്ഞം തുറമുഖം പത്ത് ലക്ഷം ടി.ഇ.യു. എന്ന നാഴികക്കല്ല് പിന്നിട്ടു. 18 മാസത്തിനുള്ളിൽ 20 ലക്ഷം ടി.ഇ.യു. കൈകാര്യം ചെയ്യുന്നതോടെ ആഗോള ട്രാൻസ്ഷിപ്പ്മെന്റ് കേന്ദ്രമായി വിഴിഞ്ഞം അതിവേഗം വളരുകയാണ്.

*****************************

## RAIN - KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം മുതൽ വയനാട് വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

*****************************

## DRUG FREE CAMPUS

കേരളത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായ ഡ്രഗ് ഫ്രീ ക്യാമ്പസിന്റെ സംസ്ഥാനതല പ്രഖ്യാപനം ഇന്ന്. തിരുവനന്തപുരത്ത് മന്ത്രി എം ലിജു പരിപാടി ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 28 കോളേജുകളെ ഡ്രഗ് ഫ്രീ ക്യാമ്പസായി പ്രഖ്യാപിക്കും.

*****************************

## NAPKIN WENDING MACHINE

കേരളത്തിൽ പൊതു ഇടങ്ങളിൽ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും സ്ഥാപിക്കുന്ന

'വിമൻ ഓൺ ദ മൂവ് ആൻഡ് മെൻസ്ട്രൽ നീഡ്സ്' പദ്ധതിക്ക് ഇന്ന് തുടക്കം. മന്ത്രി ബിന്ദു കൃഷ്ണ തമ്പാനൂർ കെഎസ്ആർടിസി ബസ് ടെർമിനലിൽ പദ്ധതി ഉദ്ഘാടനം ചെയ്യും.

*****************************

## IND-WEST INDIES T20I

അഞ്ച് മത്സരങ്ങളടങ്ങിയ ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. രാത്രി 7 ന് ലക്നൗവിലാണ് മത്സരം. ഏഷ്യൻ ഗെയിംസിൽ സ്വർണം, വെസ്റ്റ് ഇൻഡീസിനെതിരായ ഏകദിന പരമ്പര എന്നിവ സ്വന്തമാക്കിയതിനും ശേഷം വിജയം ആവർത്തിക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്. പരമ്പരയിലെ അടുത്ത മത്സരം ഈ മാസം 9 ന് റാഞ്ചിയിൽ നടക്കും.

*****************************

## STATE SPORTS MEET

സംസ്ഥാന സ്കൂൾ കായികമേളയുടെ നീന്തൽ മത്സരങ്ങൾക്കിടെ തൃശൂർ അക്വാറ്റിക്സ് കോംപ്ലക്സിൽ താൽക്കാലികമായി നിർമ്മിച്ച പന്തൽ കാറ്റിൽ തകർന്നു വീണ സംഭവത്തിൽ കായിക വകുപ്പ് അന്വേഷണം നടത്തുമെന്ന് മന്ത്രി ഒ ജെ ജനീഷ്. സംഭവം നടന്ന അടുത്ത ദിവസം തന്നെ ഇത് സംബന്ധിച്ചുള്ള ഉത്തരവ് കായിക വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്ക് നൽകിയതായും മന്ത്രി പറഞ്ഞു.

*****************************

## REV. INDIAN EMBASSY - ROMANIA

കരിങ്കടലിലെ വാണിജ്യ കപ്പലിന് നേരെ ഉണ്ടായ ആക്രമണത്തിൽ രണ്ട് വിദേശ പൗരന്മാർ കൊല്ലപ്പെട്ടു. നിരവധി ജീവനക്കാർക്ക് പരിക്കേറ്റു. കപ്പലിലെ മൂന്ന് ഇന്ത്യൻ ജീവനക്കാരും സുരക്ഷിതരാണെന്ന് എംബസി സമൂഹ മാധ്യമ സന്ദേശത്തിൽ

വ്യക്തമാക്കി. പരിക്കേറ്റ ഒരു ഇന്ത്യൻ പൗരൻ നിലവിൽ ചികിത്സയിലാണെന്നും അധികൃതർ അറിയിച്ചു.

*****************************

## RUSSIA-AFGHAN-INDIA

റഷ്യയിൽ നടന്ന എട്ടാമത് 'മോസ്കോ ഫോർമാറ്റ്' ചർച്ചകളിൽ അഫ്ഗാൻ ജനതയുടെ ക്ഷേമത്തിനും പരമാധികാരം, ഐക്യം, പ്രാദേശിക അഖണ്ഡത എന്നിവയ്ക്കും പിന്തുണ പ്രഖ്യാപിച്ച് ഇന്ത്യ. റഷ്യയിലെ ഇന്ത്യൻ അംബാസഡർ വിനയ് കുമാർ, ജോയിന്റ് സെക്രട്ടറി എം. സുരേഷ് കുമാർ എന്നിവർ നേതൃത്വം നൽകിയ ഇന്ത്യൻ സംഘമാണ് ചർച്ചയിൽ പങ്കെടുത്തത്. റഷ്യ, ഇറാൻ, കസാക്കിസ്ഥാൻ, ചൈന, കിർഗിസ്ഥാൻ, പാകിസ്ഥാൻ, താജിക്കിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നീ രാജ്യങ്ങളുടെ പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു.

*****************************

## PASSENGERS TRANSFERRED TO TEL AVIV

ടെൽ അവീവിലേക്കുള്ള 'ഫ്ലൈദുബായ്' വിമാന സർവീസുകൾ താൽക്കാലികമായി നിർത്തിവെച്ചതിനെത്തുടർന്ന്, യാത്രക്കാരെ അവിടേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായതായി യുഎഇ ജനറൽ സിവിൽ ഏവിയേഷൻ അതോറിറ്റി. ഒക്ടോബർ 2 മുതൽ 5 വരെയുള്ള കാലയളവിൽ ദുബായ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ബെൻ ഗുറിയോൺ വിമാനത്താവളത്തിലേക്ക് 37 വിമാനങ്ങൾ സർവീസ് നടത്തുകയും, 7,479 യാത്രക്കാരെ എത്തിക്കുകയും ചെയ്തതായി GCAA വ്യക്തമാക്കി. നിർത്തിവെച്ച ഫ്ലൈദുബായ് സർവീസുകൾക്ക് പകരമായി, ഇത്തിഹാദ് എയർവേയ്സിനൊപ്പം ഇസ്രായേലി വിമാനക്കമ്പനികൾക്കും ദുബായിലേക്ക് സർവീസ് നടത്തുന്നതിനുള്ള അനുമതി യുഎഇ അധികൃതർ നൽകിയിരുന്നു.

******************************

## YEMEN GOVT - MILITARY OFFENSIVE

യമനിൽ സാദ, അൽ ജൗഫ്, തായിസ്, പടിഞ്ഞാറൻ തീരം എന്നിവിടങ്ങളിലായി ഹൂതി കേന്ദ്രങ്ങൾക്കെതിരെ നിരവധി ആക്രമണങ്ങൾ നടത്തിയതായി യമൻ പ്രസിഡൻഷ്യൽ ലീഡർഷിപ്പ് കൗൺസിൽ പ്രസിഡന്റ് റഷാദ് അൽ അലിമി. "ഓപ്പറേഷൻ ഡോൺ ഓഫ് യമൻ" എന്ന് പേരിട്ട ആക്രമണം ഹൂതികളുടെ കൈവശമുള്ള ബാക്കി പ്രദേശങ്ങൾ തിരിച്ചുപിടിക്കാനും യമൻ മുഴുവൻ സർക്കാരിന്റെ അധികാരം വ്യാപിപ്പിക്കാനും ലക്ഷ്യമിട്ടുള്ളതാണെന്ന് അൽ അലിമി കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു.